#കേരള_പോലീസിൻെറ_ഏറ്റവും_വലിയ_കഞ്ചാവുവേട്ട
#140_കിലോ_കഞ്ചാവുമായി_കൊല്ലം_സ്വദേശി_അറസ്റ്റിൽ
**********************************************************************
ആന്ധ്രപ്രദേശിലെ വിശാഖപട്ടണത്തു നിന്നും മീൻ വണ്ടിയിൽ കൊണ്ടുവന്ന 140 കിലോയോളം കഞ്ചാവ് തൃശ്ശൂർ റൂറൽ എസ്.പി. ആർ. വിശ്വനാഥ് ഐ പി.എസി നേതൃത്വത്തിൽ ഡിസ്ട്രിക് ആൻറി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് ( DANSAF)പിടികൂടി. കൊല്ലം ശക്തികുളങ്ങര സ്വദേശി കുന്നയിൽ തെക്കേത് വീട്ടിൽ അരുൺ കുമാർ (33 വയസ്സ്) ആണ് അറസ്റ്റിലായത്.
മദ്ധ്യ കേരളത്തിലെ യുവത്വത്തെയാകെ മയക്കമരുന്നിനടിമകളാക്കാവുന്ന കഞ്ചാവു ശേഖരമാണ് പിടികൂടിയത്.
ഇരുപത്തഞ്ചോളം പോലീസുകാർ അഞ്ചു സംഘമായി തിരിഞ്ഞായിരുന്നു ഓപ്പറേഷൻ. ഫ്രീസർ സംവിധാനമുള്ള മീൻ വണ്ടിയിൽ രഹസ്യമായി കൊണ്ടുവന്ന കഞ്ചാവാണ് പിടികൂടിയത്. ഈ ലോറിയും കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. പച്ച മീൻ കൊണ്ടുവരുന്ന ബോക്സുകൾക്കിടയിൽ വലിയ പ്ലാസ്റ്റിക് ചാക്കുകളിലായി ഒളിപ്പിച്ച നിലയിലായിരുന്നു കഞ്ചാവ്. വിപണിയിൽ ഒരു കോടിയോളം രൂപ വിലമതിക്കും. കൊറോണ കാലഘട്ടത്തിൻെറ സാഹചര്യം മുതലെടുത്ത് കേരളത്തിലേക്ക് വൻ കഞ്ചാവു ശേഖരം കടത്തുന്നുണ്ടെന്നുള്ള വിവരത്ത തുടർന്ന് ദിവസങ്ങളോളം നീണ്ടു നിന്ന അന്വേഷണത്തിലൊടുവിലാണ് കേരളത്തിലെ ഏറ്റവും വലിയ കഞ്ചാവ് ശൃംഖലകളിലൊന്നിനെ പിടികൂടാൻ സാധിച്ചത്. എറണാകുളം കേന്ദ്രീകരിച്ചുള്ള വൻ കഞ്ചാവ് മാഫിയക്കായി കൊണ്ടുവന്നതെന്നാണ് സൂചന
ജില്ലാ ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി. ഷാജ് ജോസ്, ഇരിങ്ങാലക്കട ചാലക്കുടി ഡി.വൈ എസ്.പി. സി.ആർ. സന്തോഷ്.. ഇൻസ്പെക്ടർ കെ. എസ്. സന്ദീപ്, എസ്.ഐ. എം.എസ്.ഷാജൻ, തൃശ്ശൂർ റൂറൽ ക്രൈം ബ്രാഞ്ച് എസ്.ഐ. എം.പി.മുഹമ്മദ് റാഫി, എ.എസ്.ഐ മാരായ ജയകൃഷ്ണൻ, സി.എ. ജോബ്, സതീശൻ മടപ്പാട്ടിൽ, മുഹമ്മദ് അഷറഫ്, എം.കെ.ഗോപി, ടി.ആർ.ഷൈൻ, ലോകനാഥൻ , സീനിയർ പോലീസുദ്യോഗസ്ഥരായ സൂരജ് വി. ദേവ്, ലിജു ഇയ്യാനി, കെ.എസ്. ഉമേഷ്, മിഥുൻ കൃഷ്ണ, ഇ.എസ്. ജീവൻ, സി.പി.ഒ മാരായ ഷറഫുദ്ദീൻ, എം വി. മാനുവൽ ചാലക്കുടി സ്റ്റേഷനിലെ എസ്.ഐ. സജി വർഗ്ഗീസ്, ബിജു, എ എസ്.ഐ. ജെയ്സൺ സി.പി. ഒ മാരായ , അഭിലാഷ്, ആൻസൻ എന്നിവരാണ് അന്വേഷണ സംഘാംഗങ്ങൾ
#Thrissur_rural_police #kerala_police #police_action




MOTHER
TOURS & TRAVELS
MOTHER
പോലീസ്


AL-MUBARK
FAROOK
ALL INDIA